**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 227** **22-01-2021 - ൽ മറുപടിയ്ക്ക്**

**സ്വാഭാവികവനങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ യു. ആർ. പ്രദീപ്,<br>ശ്രീ. ബി. ഡി. ദേവസ്സി ,<br>ശ്രീ.ഡി.കെ.മുരളി,<br>ശ്രീ. ജെയിംസ് മാത്യു | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ ഉൾപ്പെടെയുള്ള സ്വാഭാവികവനങ്ങൾ സംരക്ഷിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഈ സർക്കാർ അധികാരമേറ്റ ശേഷം വനവിസ്തൃതി വർദ്ധിപ്പിക്കാനായിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ ഉൾപ്പെടെയുള്ള സ്വാഭാവിക വനങ്ങൾ സംരക്ഷിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വന്യജീവിസങ്കേതങ്ങൾക്കും വനാതിർത്തികൾക്കും ചുറ്റുമുള്ള പ്രദേശങ്ങൾ പരിസ്ഥിതിലോലപ്രദേശമാക്കി മാറ്റുന്നത് സംബന്ധിച്ച് സംസ്ഥാനസർക്കാരിന്റെ നിർദേശം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ; | (ബി) | ഉണ്ട്. ശെന്തുരുണി, ഇടുക്കി, മംഗളവനം, മതികെട്ടാൻശോല, മലബാർ, ആറളം, കൊട്ടിയൂർ എന്നീ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നത് സംബന്ധിച്ച കരട് വിജ്ഞാപനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രദേശവാസികളുടെ ആശങ്കകളെത്തുടർന്ന് വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് വരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ / അർദ്ധസർക്കാർ / പൊതുസ്ഥാപനങ്ങൾ എന്നിവയെയും ഒഴിവാക്കിക്കൊണ്ടുള്ള കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു. തുടർന്ന് ശെന്തുരുണി, പെരിയാർ ടൈഗർ റിസർവ്വ്, ഇടുക്കി, തട്ടേക്കാട്, പീച്ചി-വാഴാനി, ചൂലന്നൂർ, പറമ്പിക്കുളം, സൈലന്റ് വാലി, മലബാർ, വയനാട്, ആറളം, കൊട്ടിയൂർ എന്നീ വന്യജീവിസങ്കേതങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖലയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോട് കൂടിയുള്ള കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | വനസംരക്ഷണം കാര്യക്ഷമമായതിനെത്തുടർന്ന് | (സി) | വന്യമൃഗ ആക്രമണം തടയുന്നതിന് സൗരോർജ്ജ |

| | | | |
|---|---|---|---|
| | വന്യജീവികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് വന്യജീവികൾ മനുഷ്യർക്കുനേരെ നടത്തുന്ന ആക്രമണവും കൃഷിനാശവും വർദ്ധിപ്പിക്കാതിരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | | കമ്പിവേലികൾ, ആന കിടങ്ങുകൾ, മതിലുകൾ തുടങ്ങിയവ നിർമ്മിച്ച് മൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നു. വന്യമൃഗങ്ങൾ വെള്ളം കുടിക്കുന്നതിനായി നാട്ടിലെത്തുന്നത് തടയാൻ വനത്തിനുള്ളിൽ ഗള്ളി പ്ളഗ്ഗിംങ് നടത്തിയും, കുളങ്ങൾ, ചെക്ക് ഡാമുകൾ, നീർച്ചാലുകൾ എന്നിവ നവീകരിച്ചും നിർമ്മിച്ചും, ചതുപ്പുകൾ വൃത്തിയാക്കുകയും ചെയ്തു വരുന്നു. കുടിവെള്ളം ലഭ്യമാക്കുന്നതിനായി നിലവിലെ തടയണകളിലെ ചെളിനീക്കൽ പ്രവർത്തികൾ ചെയ്ത് വനത്തിനുള്ളിൽ ജലത്തിന്റെയും, ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തുവരുന്നു. ജലലഭ്യത, തീറ്റലഭ്യത എന്നിവ ഉറപ്പാക്കാൻ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും ആയവ ഉണങ്ങിപോകാതെ സംരക്ഷിക്കുകയും ചെയ്യുന്നു. കാട്ടുതീ പ്രതിരോധ പ്രവർത്തികൾ വർഷംതോറും നടത്തിവരുന്നു. നാളിതുവരെ 151 ചെക്കുഡാമുകളും 27 കുളങ്ങളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പഴയ ചെക്കുഡാമുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് വരുന്നുണ്ട്. കൂടാതെ ജനവാസ മേഖലകളിൽ വന്യമൃഗങ്ങളിറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് തടയുവാൻ തദ്ദേശിയരും ജന പ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് ബോധവത്ക്കരണം നടത്തുന്നു. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശിയരെ അറിയിക്കുന്നതിന് എസ്.എം.എസ് അലർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജനകീയ കമ്മിറ്റികളുടേയും ആർ.ആർ.റ്റി.കളുടേയും സേവനം മേൽ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി, സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (Stone pitched trenches), 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ് ഫെൻസ് എന്നിവയും നിർമ്മിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സംസ്ഥാനത്തെ വന്യജീവിസങ്കേതങ്ങൾ ഉൾപ്പെടെയുള്ള സ്വാഭാവിക വനങ്ങൾ സംരിക്ഷിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, പുതുതായുള്ള കൈയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ / സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്, തുടങ്ങിയ നടപടികൾ നടപ്പിലാക്കി വരുന്നു.

2. പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചു വരുന്നുണ്ട്. കൂടാതെ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 78.2952 ഹെക്ടർ) വന നിയമം സെക്ഷൻ 4 പ്രകാരം 'പ്രൊപ്പോസ്ഡ്' റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

3. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തോട് ചേർന്നുകിടക്കുന്ന തെരഞ്ഞെടുത്ത സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും ഇപ്രകാരമുള്ള പ്രദേശങ്ങളിലെ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനും സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. KIIFB യുടെ കീഴിൽ വനത്തിനുള്ളിൽ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

4. നാഷണൽ പാർക്കുകളും വന്യജീവിസങ്കേതങ്ങളും ഉൾപ്പെടുന്ന സംരക്ഷിത മേഖലയുടെയും ആയവയിലെ ജൈവവൈവിധ്യ സംരക്ഷണത്തിനുമായി പ്രത്യേക സംരക്ഷണ, പരിപാലന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നുണ്ട്.

5. സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി ജൈവവൈവിധ്യ സംരക്ഷണത്തിന് ഹരിതകേരളം പദ്ധതിയിലൂടെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ സൗജന്യമായും, പൊതുജനങ്ങൾ, വിവിധ മത-രാഷ്ട്രീയ സംഘടനകൾ, പത്ര സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയ്ക്ക് ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നു.

6. ജൈവവൈവിദ്ധ്യ പ്രോത്സാഹനത്തിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ നക്ഷത്ര വനം, ഔഷധത്തോട്ടം, ചിത്രശലഭ പാർക്ക് എന്നിവ നിർമ്മിച്ച് പരിപാലിക്കുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിവരുന്നു.

7. ജൈവവൈവിദ്ധ്യ സംരക്ഷണം കാര്യക്ഷമമായി നടപ്പാക്കുന്ന വ്യക്തികൾക്ക് / സ്ഥാപനങ്ങൾക്ക് വർഷം തോറും വനമിത്ര പുരസ്കാരം നൽകിവരുന്നു.

8. കടലാമ സംരക്ഷണം, പക്ഷി സംരക്ഷണം എന്നീ പ്രവർത്തനങ്ങളും ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെ ഭാഗമായി നടപ്പാക്കിവരുന്നു.

9. നദീതീരങ്ങളിൽ മുള നട്ടു വളർത്തുന്ന പദ്ധതി, വഴിയോരത്തണൽ പദ്ധതി, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, സ്വകാര്യ ഭൂമിയിൽ പത്തിനം തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ധനസഹായം, കണ്ടലുകൾ, കാവുകൾ എന്നിവയ്ക്ക് ധനസഹായം, വനമിത്ര അവാർഡ്, സ്കൂൾ/കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ, പരിസ്ഥിതി ബോധവത്ക്കരണ ക്ലാസ്സുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവിവാരാഘോഷം എന്നിങ്ങനെ പ്രകൃതിയേയും പരിസ്ഥിതിയേയും സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ബഹുമുഖ പ്രവർത്തനങ്ങളും നടത്തിവരുന്നു.

10. വനാശ്രിത സമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ചു കൊണ്ടു വരുന്നതിനും അതുവഴിയുള്ള ജൈവവൈവിധ്യ ശോഷണം തടയുന്നതിനുമായി ജനപങ്കാളിത്തത്തോടെ വനസംരക്ഷണവും വനപരിപാലനവും നടപ്പാക്കുന്നുണ്ട്.

11. കാലാവസ്ഥാ വ്യതിയാനം കൊണ്ടുള്ള ദോഷഫലങ്ങൾ പരിമിതപ്പെടുത്തുവാൻ വനങ്ങളെ സജ്ജമാക്കാനായി കേന്ദ്ര സഹായത്തോടെ ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി നടപ്പാക്കുന്നു.

അട്ടപ്പാടിയിലെ ചന്ദന സ്വാഭാവിക പുനരുജ്ജീവന പ്രദേശത്തിന് മറയൂർ ചന്ദന റിസർവ്വിനു നൽകുന്ന രീതിയിൽ സംരക്ഷണം നൽകുന്നതിന് 2018-19 വർഷത്തേയ്ക്ക് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

കേരളത്തിൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 6 ദേശീയോദ്യാനം, 17 വന്യജീവി സങ്കേതം, ഒരു കമ്മ്യൂണിറ്റി റിസർവ്വ് ഉൾപ്പെടെ സംരക്ഷിത വന മേഖലയുടെ വിസ്തീർണ്ണം 3209.0572 ച.കി.മീ. ആയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഉത്തരവ് (പി) നമ്പർ.9/2019/വനം തീയതി 17.08.2019 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 227.97 ച.കി.മീ. സ്ഥലം കരിമ്പുഴ വന്യജീവി സങ്കേതമെന്ന പേരിൽ സംരക്ഷിത വനമേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് പ്രകാരം നിലവിൽ 3437.0272 ച.കി.മീ. സംരക്ഷിത വനഭൂമിയായി നിലവിലുണ്ട്.

ഈ സർക്കാർ അധികാരമേറ്റ ശേഷം വനവിസ്തൃതി വർദ്ധിപ്പിക്കാനായിട്ടുണ്ട്. ലഭ്യമായ കണക്കനുസരിച്ച് 2015-16 ലെ വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു പ്രകാരം 31.03.2016 - ലെ കേരളത്തിലെ വനവിസ്തൃതി 11,309.4754 ചതുരശ്ര കിലോമീറ്ററാണ്. 01.04.2016 മുതൽ 31.03.2018 വരെയുള്ള 2 വർഷക്കാലയളവിൽ വനവിസ്തൃതിയിൽ 212.3376 ചതുരശ്ര കിലോമീറ്ററിന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ